ചിന്താവിഷയം

ഫാറൂഖ് ഉസ്മാൻ കുഞ്ഞിമംഗലം

# ‘പണക്കാല’ത്തിന്റെ വേട്ടമൃഗങ്ങൾ

**സമസൃഷ്ടിയെ** അറിയുകയും അവരുടെ വേദനയിൽ പങ്കുചേരുകയും ചെയ്യുമ്പോഴാണ് നമ്മിലെ മനുഷ്യത്വം പൂർണത പ്രാപിക്കുന്നത്. സ്വന്തത്തെ സ്നേഹിക്കുകയെന്നത് ജന്തുസഹജമായ സവിശേഷതയാണ്. ദുർബലനെ സാന്ത്വനപ്പെടുത്തലാവട്ടെ മാനവികതയുടെ അടയാളവും. മാനവികത എന്ന പദം വളരെ ലാഘവത്തോടെ നാം ഉച്ചരിക്കാറുണ്ട്. പക്ഷേ, അതത്ര ലഘുവായ ആശയമല്ല. മൃഗീയ പരിസരത്തുനിന്ന് മനുഷ്യന്റെ ഔന്നത്യത്തെ വേർതിരിച്ചുനിർത്തുന്ന മൂല്യങ്ങളുടെ സംഘാതമാണ് മാനവികത. സ്നേഹവും സാഹോദര്യവും കൂടിച്ചേരുന്ന പ്രഫുല്ലവും ദീപ്തവുമായ സംസ്കൃതി. മഹാമനീഷികൾ അധ്വാനിച്ചത് ഈ സംസ്കാരത്തെ സാന്ദ്രമാക്കാനായിരുന്നു. കഷ്ടപ്പെടുന്ന സഹജീവിയുടെ കണ്ണീരൊപ്പിക്കൊണ്ട് ആത്മസാക്ഷാത്കാരം നേടി. വർഗ വർണ വംശ ദേശ ജാതി ഭേദമന്യേ മനുഷ്യനു വേണ്ടിയും മനുഷ്യത്വത്തിനു വേണ്ടിയും ഉയർന്നുനിൽക്കാൻ അവർ നമ്മെ പഠിപ്പിച്ചു. മൃഗത്തെ മനുഷ്യനാക്കാനാവില്ല, എന്നാൽ മനുഷ്യൻ മൃഗമാവും. മൃഗീയതകളെ ചെറുത്തുതോൽപിച്ച് മനുഷ്യ സാന്ത്വനത്തിനു പക്ഷം ചേരാൻ, പ്രാന്തവൽക്കരിക്കപ്പെട്ടവർക്കുവേണ്ടി ഐക്യപ്പെടാൻ വർത്തമാനാവസ്ഥകൾ നമ്മെ വല്ലാതെ നിർബന്ധിക്കുന്നു.

ക്ഷയോന്മുഖമായ ഒരു വർഗമാണിന്ന് മനുഷ്യൻ. മനുഷ്യനിലെ മനുഷ്യത്വം ഉറങ്ങുകയും പൈശാചികത ഉണരുകയും ഉണർത്തപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. ലോക വ്യവസ്ഥിതി നമുക്കുനേരെ ആർത്തിയുടെ വലവീശുകയാണ്. അതിലൂടെ സമ്പത്തുമാത്രമല്ല, നമ്മുടെ വിലപ്പെട്ടതെല്ലാം ചോർന്നുപോയ്ക്കൊണ്ടിരിക്കുന്നു. നാം കൂടുതൽ സ്വാർഥരാകുന്നുവെന്നതാണ് ഇതിന്റെ മാരകമായ പ്രത്യാഘാതം. ശമിപ്പിക്കാനാവാത്ത ആർത്തി നമ്മെ ജഢികേഛകളുടെ അടിമകളാക്കുന്നു. സാമൂഹിക ബന്ധങ്ങൾ ശിഥിലമാവുകയും നാം പിന്നെയും സ്വാർഥതയുടെ മാർജാര നഖങ്ങൾ നീട്ടുകയും ചെയ്യുന്നു. സാമൂഹികാവബോധവും പ്രതിബദ്ധതയുമാണ് ഇവിടെ കൈമോശം വരുന്നത്. സമൂഹത്തിലെ ഭൂരിപക്ഷത്തെയും ‘ലോട്ടറി മനസ്സ്’ ഭരിക്കുന്നത് വെറുതെയല്ല. എനിക്കു മാത്രം കിട്ടണം എന്നതിലുപരി നിങ്ങൾക്ക് കിട്ടാൻ പാടില്ലായെന്ന അസൂയാവികാരമാണ് ഈ പൈശാചികതക്ക് പിറകിലെ മനഃശാസ്ത്രം. മുതലാളിത്തം ഊർജം വലിച്ചൂറ്റുന്ന അഴുക്കുചാലുകളുടെ പരിഛേദമാണിത്. സമ്പന്നർ കൂടുതൽ സമ്പന്നരാവുകയും പാവപ്പെട്ടവർ കൂടുതൽ പാർശ്വവത്കരിക്കപ്പെടുകയുമാണ് ഇവയുടെ പരിണതി. സമത്വം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങൾക്ക് അർഥ വൈപരീത്യം സംഭവിക്കുന്നതും അവ അധികൃതരുടെ അധരവ്യായാമം മാത്രമായി അധഃപതിക്കുന്നതും ഇന്ന് നാം കാണുന്നു. സമൂഹത്തിലെ അടിസ്ഥാനവർഗം ഇപ്പോൾ രക്ഷകനോ ലക്ഷ്യമോ ഇല്ലാതെ അവഗണനയുടെ നുകം പേറുകയാണ്. വിപ്ലവ പാർട്ടികൾ പോലും വിനോദത്തിലേക്ക് ചുവട് മാറ്റിയിരിക്കുന്നു. വിനോദനത്തിന് അങ്ങനെയൊരു മുഖമുണ്ട്. ഏത് വിപ്ലവകാരിയെയും അത് മയക്കിക്കളയും. എം.എൻ വിജയൻ മരണത്തിനു അൽപം മുമ്പു പറഞ്ഞതു പോലെ ഇതൊരു ‘പണക്കാല’മാണല്ലോ. അതുകൊണ്ടാണ് നമുക്ക് ചെങ്ങറ ഭൂസമരത്തിനപ്പുറത്ത് നിൽക്കേണ്ടി വന്നത്... ‘സെസി’ന് അനുകൂലമായി ഒപ്പിടേണ്ടി വരുന്നത്... എന്തിനധികം, ടാറ്റക്കനുകൂലമായി മുദ്രാവാക്യം വിളിച്ച് റാലി നടത്തേണ്ടി വരുന്നത്.........

ഫോട്ടോ കോപ്പികൾക്കാണ് ഇന്ന് പ്രിയം. ‘കോഴിയിറച്ചി’ പോയി ‘ഇറച്ചിക്കോഴി’ വന്ന് ആത്മാവിനേക്കാൾ ശരീരം കൊണ്ടാടപ്പെടുകയാണ്. അർഥത്തേക്കാൾ ചിഹ്നങ്ങളും അസലിനേക്കാൾ പകർപ്പുകളും സ്വീകരിക്കപ്പെടുന്ന ‘കലികാലം’.... ശ്രീനാരായണ ഗുരുവിനേക്കാൾ സന്തോഷ് മാധവൻമാർ നിറഞ്ഞാടുന്ന ചുറ്റുപാട് നാം ക്ഷണിച്ചുവരുത്തിയതാണ്.

മുതലാളിത്തം ഒരേസമയം നമ്മെ ആക്രമിക്കുകയും പ്രലോഭിപ്പിക്കുകയും ചെയ്യുമെന്ന് ശഹീദ് അലിശരീഅത്തി പറഞ്ഞിട്ടുണ്ട്. ‘നിയന്ത്രണമില്ലാതെ സംസാരിക്കുക’ എന്നാഹ്വാനം ചെയ്യുന്ന പരസ്യപലകക്കു പിറകിൽ മുതലാളിത്തത്തിന്റെ ഷൈലോക്കുമാർ ഒളിച്ചിരിക്കുന്നുണ്ട്. അവരാണ് നമ്മുടെ യുവത്വത്തെ വേട്ടയാടിപ്പിടിക്കുന്നത്. ‘ടോട്ടൽ ഫോർ യു’ എന്നത് അവരുയർത്തിയ വലയാണ്. ശബരിനാഥുമാർ അതിൽ വീണ ഇരകളും.

യഥാർഥത്തിൽ സമൂഹമാണ് പ്രതി. ഒരു സമൂഹത്തിന്റെ ‘ക്രീമാ’ണ് അതിന്റെ നേതാക്കൾ. പാൽ ചീത്തയായാൽ തൈരും ചീത്തയാവുന്നത് സ്വാഭാവികം. നോട്ട് കെട്ടുകൾ ഇരട്ടിപ്പിക്കാൻ പരക്കംപായുന്നവരിൽ ഉന്നത ഉദ്യോഗസ്ഥർ തൊട്ട് ഭക്തശിരോമണികൾ വരെയുണ്ട്. ഒരു മുച്ചീട്ടുകളിക്കാരന്റെ ലാഘവത്തോടെ ആർക്കും പണമുണ്ടാക്കാം എന്നതാണ് കാലികാവസ്ഥ. നിക്ഷേപകരെയും സംരംഭകരെയും ഒരേപോലെ ഭരിക്കുന്ന വികാരം ആർത്തിയായതിനാൽ രണ്ടു കൂട്ടർക്കും കാര്യം എളുപ്പമാണ്. നാഗമാണിക്യം ലഭിക്കാൻ ലക്ഷങ്ങൾ ചോദിച്ച ആദിവാസിയും നൽകിയ ഹാജിയാരും ഒരേ ചിന്തയുടെ രണ്ടു വശങ്ങൾ മാത്രം. നാട്ടിലുടനീളം ദിനേനയെന്നോണം പൊട്ടിപ്പിളരുന്ന ധനകാര്യസ്ഥാപനങ്ങൾ ചില്ലറയല്ല. ഓൺലൈൻ ലോട്ടറി, സിംഗപ്പൂരിൽ ഭൂമി, ആകാശത്ത് ഗോപുരം, ആയിരത്തിന് പതിനായിരം ലാഭം – ഇടുന്ന ഏത് ചൂണ്ടലും കൊത്താൻ കാത്തിരിക്കുന്ന വിപണി സാന്നിധ്യം. പലരും ബാക്കിയുള്ള മാനം ഭയന്ന് സംഗതി പുറത്ത് പറയുന്നില്ല. സദാചാര ജീർണതയെക്കാൾ ഏറെ മാരകമത്രെ നമ്മെ പിടികൂടിയ സാമ്പത്തിക ജീർണത.

ആർത്തിയുടെ ഈ തത്ത്വശാസ്ത്രത്തെ പിടിച്ചുകെട്ടാൻ ആരുണ്ട്?. തീർച്ചയായും ഏകദൈവവിശ്വാസികൾക്ക് അത് സാധിക്കേണ്ടതുണ്ട്. അതിനു പക്ഷേ, വിശ്വാസത്തിന്റെ വിപ്ലവാത്മകത ഉൾക്കൊള്ളണം. പള്ളിമൂലയിൽനിന്ന് വിശ്വാസത്തെ പടക്കളത്തിലേക്കാനയിക്കണം. വിളക്കുകൊളുത്തേണ്ടത് തമസ്സിന്റെ ഗർഭഗൃഹത്തിലാണല്ലോ. വിപ്ലവത്തിന്റെ മാതൃകകളായ മഹാപ്രവാചകന്മാർ സഞ്ചരിച്ച ഋജുപാത വീണ്ടെടുക്കുകയേ മാർഗമുള്ളൂ. മനുഷ്യ വിമോചനത്തിന് മറ്റൊരു വഴിയില്ല. ■